പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 2865 28.01.2014 -ൽ മറുപടിയ്ക്ക്

സ്കൂളുകളിൽ മലയാളം നിർബന്ധമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. പി.കെ. അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സർക്കാർ /എയ്ഡഡ്/ അൺ-എയ്ഡഡ്/സി.ബി.എസ്.ഇ സ്കൂളുകളിൽ മാതൃഭാഷയായ മലയാളം പഠിപ്പിക്കുന്നുണ്ടോ ; എങ്കിൽ, വിശദാംശങ്ങൾ ലഭ്യമാക്കുമോ ;<br><br>(ബി) ഇല്ലെങ്കിൽ അത്തരം സ്കൂളുകളിൽ നിർബന്ധമായി മാതൃഭാഷ പഠിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്തു നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ? | (എ) & (ബി) 01.09.2011-ലെ സ:ഉ(പി) നം.183/2011/പൊ.വി. പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ / എയ്ഡഡ്/അൺ എയ്ഡഡ് / സി.ബി.എസ്.ഇ സ്കൂളുകളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കിയിട്ടുണ്ട് . എന്നാൽ ബഹു: ഹൈക്കോടതിയുടെ WP(C) No.2435/12 (D) യിൻമേലുള്ള 14.09.12 -ലെ വിധിന്യായത്തിൽ സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ / കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവയുടെ പാഠ്യപദ്ധതി തയ്യാറാക്കുന്നത് എൻ.സി.ഇ.ആർ.ടി ആയതിനാൽ ഇവരുടെ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുവാൻ സംസ്ഥാന സർക്കാരിന് അധികാരമില്ലായെന്ന് ഉത്തരവായിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം സ്ഥാപനങ്ങളിലെ മലയാള ഭാഷാപഠനത്തിന് ചില സാങ്കേതിക തടസ്സങ്ങൾ വന്നിട്ടുണ്ട്. മേൽ വിധിന്യായത്തിനെതിരെ ബഹു. സുപ്രിം കോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ